# ചെമ്പകശ്ശേരി എച്ച്.എസ്സ്.എസ്സ്

## ഭൂതക്കുളം



# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025.2026

CHEMPAKASSERY HIGHER SECONDARY SCHOOL · BHOOTHAKULAM KOLLAM DIST

Geetha. J.V

J.V GEETHA
Headmistress
Chempakassery H.S.S
Bhoothakulam

## വിദ്യാലയ ചരിത്ര സംക്ഷിപ്തം

കൊല്ലം ജില്ലയിലെ ഭൂതക്കുളം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ചെമ്പകശ്ശേരി എച്ച്.എസ്സ്.എസ്സ് ഇന്ന് നാടിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് ചുക്കാൻ പിടിച്ചുകൊണ്ട് നിലകൊള്ളുന്നു. സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച മികച്ച പാർലമെന്റേറിയനായിരുന്ന ശ്രീ.ആർ.അച്യുതൻ അവർകൾ സ്ഥാപിച്ച ഈ സരസ്വതി വിദ്യാലയം ഇന്ന് പ്രീ-പ്രൈമറി, എൽ.പി, യു.പി.ഹൈസ്കൂൾ, ഹയർസെക്കന്ററി, റ്റി.റ്റി.ഐ എന്നീ വിഭാഗങ്ങൾ പ്രവർതതിക്കുന്ന ഒരു വിദ്യാഭ്യാസ സമുച്ചയമായി മാറിയിരിക്കുന്നു. ഭൂതക്കുളം പഞ്ചായത്തിന്റെ നവോത്ഥാനത്തിനു വേണ്ടി പ്രവർത്തിച്ചിരുന്ന അദ്ദേഹം പിന്നോക്ക വിഭാഗക്കാർക്കു വേണ്ടി ഒരു ഹരിജൻ വെൽഫെയർ സ്കൂൾ സ്ഥാപിക്കുകയും തുടർന്ന് 1951-ൽ ചെമ്പകശ്ശേരി സ്കൂൾ രൂപീകൃതമാകുകയും ചെയ്തു. 1958-ൽ യു.പി.എസ്, 1962-63-ൽ ട്രെയിനിംഗ് സ്കൂൾ, 1966-ൽ ഹൈസ്കൂൾ, 1998-ൽ ഹയർസെക്കന്ററി എന്നിങ്ങനെ വിവിധ വിഭാഗങ്ങളായി പ്രവർത്തിക്കുന്ന ഒരു മഹനീയ സ്ഥാപനമാണ് ഇത്. ശ്രീ.ആർ.അച്യുതൻ അവർകൾ സ്ഥാപിച്ച ചെമ്പകശ്ശേരി സ്കൂൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു വ്യക്തി സ്ഥാപിച്ച ഇന്ത്യയിലെ ആദ്യത്തെ വിദ്യാഭാസ സ്ഥാപനമാണ്. സമൂഹത്തിന്റെ വിവിധമേഖലകളിലെ ഉന്നത സ്ഥാനീയരിൽ പലരും ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളാണ്. തികച്ചും സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ അനുഭവിക്കുന്ന ഒരു വിഭാഗം ജനതയുടെ വിദ്യാഭ്യാസ പുരോഗതിയ്ക്കു വേണ്ടി അക്ഷീണം പരിശ്രമിച്ച അദ്ദേഹത്തിന്റെ ദീർഘവീക്ഷണമാണ് ഇന്ന് നമ്മുടെ വിദ്യാലയം കൈവരിച്ചുകൊണ്ടിരിക്കുന്ന നേട്ടങ്ങൾക്കെല്ലാം ആധാരം.

ഈ സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിൽ ആകെ **319** കുട്ടികളാണ് അധ്യയനം നടത്തുന്നത്. ഇതിൽ **169** ആൺകുട്ടികളും **150** പെൺകുട്ടികളുമാണുള്ളത്. എസ്സ്.സി വിഭാഗത്തിൽ **114** കുട്ടികളിൽ **56** ആൺകുട്ടികളും **58** പെൺകുട്ടികളുമാണുള്ളത്. 75% കുട്ടികൾ ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുന്നു. 95% രക്ഷിതാക്കളും കൂലിപ്പണിക്കാരാണ്. സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾക്ക് 'എയ്ഡഡ്' സ്കൂളായതിനാൽ സർക്കാരിൽ നിന്നുള്ള ധനസഹായങ്ങൾ ഇല്ല എന്നു തന്നെ പറയാം. സാമ്പത്തിക ബുദ്ധിമുട്ടുള്ള രക്ഷകർത്താക്കളായതിനാൽ പി.ടി.എ-യുടെ ഭാഗത്തു നിന്നും ശക്തമായ ഇടപെടലും ഉണ്ടാകാനിടയാകാത്ത സാഹചര്യമാണ്. അതിനാൽ വികസന പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ നടത്താൻ കഴിയാതെ വരുന്നു.

ഭൂതക്കുളം പഞ്ചായത്തിലെ പൊതുവിദ്യാഭ്യാസ രംഗം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി അൺഎയ്ഡഡ് സ്കൂളുകളുടെ കടന്നു കയറ്റമാണ്. സ്കൂളിന് സമീപത്തായി നിരവധി അൺഎയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. കുട്ടികളെ സുരക്ഷിതരായി സ്കൂളുകളിലേക്ക് വിടുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഹൈസ്കൂൾ, ഹയർസെക്കന്ററി വിഭാഗങ്ങൾക്ക് സ്കൂൾബസ് ഇല്ലാത്ത സാഹചര്യത്തിൽ പല മേഖലകളിൽ നിന്നും കുട്ടികൾ ഇവിടേയ്ക്ക് വരാൻ വിമുഖത കാണിക്കുന്നു. സ്കൂൾ പ്രദേശത്തേയ്ക്ക് സ്കൂൾ സമ

യത്ത് എത്തിച്ചേരാൻ റൂട്ട് ബസുകളുടെ സേവനവും പരിമിതമായ സാഹചര്യത്തിൽ ഇവിടെ അഡ്മിഷൻ എടുക്കുന്നതിന് രക്ഷകർത്താക്കൾ താത്പര്യപ്പെടുന്നില്ല. അഡ്മിഷൻ എടുക്കുന്നവർ തന്നെ മറ്റ് സ്കൂളുകളിലേക്ക് മാറിപ്പോകുന്ന അവസ്ഥയും നിലവിലുണ്ട്. ആയതിനാൽ ഞങ്ങളുടെ സ്കൂളിന്റെ എൻറോൾമെന്റിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് അല്പം കുറവുണ്ടായിട്ടുണ്ട്. ടി സാഹചര്യങ്ങളെയെല്ലാം അതിജീവിച്ചുകൊണ്ട് കുട്ടികൾ ഇവിടെ എത്തിച്ചേരുന്നത് ഇവിടുത്തെ അധ്യയന മികവ് കണക്കിലെടുത്ത് മാത്രമാണ്.

കഴിഞ്ഞ രണ്ടു മൂന്നു വർഷക്കാലമായി മികവിന്റെ പര്യായമായി മാറിക്കൊണ്ടിരിക്കുകയാണ് ഈ വിദ്യാലയം. കഴിഞ്ഞ നാല് വർഷക്കാലമായുള്ള എസ്.എസ്.എൽ.സി വിജയശതമാനം ഇതിന് ഉദാഹരമാണ്. വർഷം, വിജയശതമാനം എന്നിവ ചുവടെ ചേർക്കുന്നു.

| വർഷം | വിജയശതമാനം |
|---|---|
| 2020 - 21 | 96.5% |
| 2021 - 22 | 99% |
| 2022 - 23 | 96.8% |
| 2023 - 24 | 99.7% |
| 2024 - 25 | 100% |

സ്കൂൾ ഏറ്റെടുത്ത് നടപ്പിലാക്കിയ ചില തനത് പ്രവർത്തനങ്ങളുടെ ഫലമായാണ് വിജയശതമാനം ഇത്രയും ഉയർന്നത്.

കലാ-കായിക രംഗത്തും, അക്കാദമിക രംഗത്തും ആസൂയാവഹമായ നേട്ടമാണ് ഞങ്ങളുടെ വിദ്യാലയം നേടിക്കൊണ്ടിരിക്കുന്നത്. ബോക്സിംഗിൽ ധാരാളം മെഡലുകൾ നേടി ഗ്രേസ് മാർക്കിനഹർരായ കുട്ടികളും. സ്കൗട്ട് & ഗൈഡ്സിൽ മികച്ച വിജയം നേടി ഗ്രേസ് മാർക്കിനർഹരായ കുട്ടികളും ഞങ്ങളുടെ വിദ്യാലയത്തിന് മികച്ച വിജയം നേടിക്കൊടുത്തു. എൻ.എം.എം.എസ് പരീക്ഷയ്ക്ക് പൂതക്കുളം പഞ്ചായത്തിൽ തന്നെ കണ്ടുകുട്ടികൾ വിജയിച്ചവരിൽ രണ്ടുപേരും ഈ വിദ്യാലയത്തിൽ നിന്നുള്ളവരാണ്.

## അവസ്ഥാ വിശകലനം

കഴിഞ്ഞ മൂന്നു വർഷക്കാലത്തെ വിദ്യാർത്ഥികളുടെ എണ്ണം ചുവടെ വിശകലനം ചെയ്യുന്നു.

# Sixth Working Day 2025-2026

Dashboard | Students | Admission | Class and Divisions | ID Card | Reports

41002

Academic Year 2025-2026

Archives ▾ | Circular

ആറാം അദ്ധ്യയനദിനം 10 ...

വിദ്യാർഥികളുടെ എണ്ണ...

| STD | DIVS | TOTAL | | | SC | | | ST | | | MUSLIM | | | OTHER MINORIT | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOT |
| 8 | 4 | 47 | 42 | 89 | 15 | 19 | 34 | 0 | 0 | 0 | 6 | 3 | 9 | 3 | 0 | 3 |
| 9 | 3 | 61 | 59 | 120 | 19 | 21 | 40 | 0 | 0 | 0 | 5 | 5 | 10 | 2 | 2 | 4 |
| 10 | 3 | 59 | 48 | 107 | 22 | 18 | 40 | 0 | 0 | 0 | 3 | 4 | 7 | 3 | 4 | 7 |
| Total | | 167 | 149 | 316 | 56 | 58 | 114 | 0 | 0 | 0 | 14 | 12 | 26 | 8 | 6 | 1 |

മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളു...

| STD | MALAYALAM | | | ENGLISH | | | TAMIL | | |
|---|---|---|---|---|---|---|---|---|---|
| | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL | BOYS | GIRLS | TOT |
| 8 | 23 | 19 | 42 | 24 | 23 | 47 | 0 | 0 | 0 |
| 9 | 23 | 20 | 43 | 38 | 39 | 77 | 0 | 0 | 0 |
| 10 | 25 | 20 | 45 | 34 | 28 | 62 | 0 | 0 | 0 |
| Total | 71 | 59 | 130 | 96 | 90 | 186 | 0 | 0 | 0 |

ഭാഷാടിസ്ഥാനത്തിലുള്ള കുട്ടികളുടെ എ...

| STD | MALAYALAM | | | SANSKRIT | | | ARABIC | | | URDU | | | GUJARATHI | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | E |
| 8 | 44 | 35 | 79 | 3 | 7 | 10 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 9 | 53 | 56 | 109 | 8 | 3 | 11 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 10 | 57 | 40 | 97 | 2 | 8 | 10 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **Total** | **154** | **131** | **285** | **13** | **18** | **31** | **0** | **0** | **0** | **0** | **0** | **0** | **0** | **0** | **0** | **0** |

place

Date

Signature

## വിദ്യാലയങ്ങളിലെ ഐ.ടി അനുബന്ധ സാമഗ്രികളുടെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| കമ്പ്യൂട്ടർ - ഡസ്ക്ടോപ്പ് | 7 | 10 |
| ലാപ്ടോപ്പ് | 2 | 5 |
| പ്രൊജക്ടർ - എൽ.സി.ഡി | 1 | 1 പ്രൊജക്ടർ + സ്ക്രീൻ |
| റേഡിയോ | ഇല്ല | 1 |
| ടി.വി | ഇല്ല | 1 |
| വിക്ടർ ചാനലിന്റെ ലഭ്യത | ഇല്ല | ആവശ്യമാണ് |
| ഡി.വി.ഡി പ്ലേയർ | ഇല്ല | ആവശ്യമാണ് |
| ഇന്റർനെറ്റ് കണക്ഷൻ | ഇല്ല | ആവശ്യമാണ് |
| വിദ്യാലയത്തിന് സ്വന്തമായി വെബ്സൈറ്റ് | ഇല്ല | ആവശ്യമാണ് |
| ബ്ലോഗ് | ഇല്ല | ആവശ്യമാണ് |
| ഇ-മെയിൽ ഐ.ഡി | ഉണ്ട് | - |
| സ്മാർട്ട് ക്ലാസ്സ് റൂം | ഇല്ല | 14 ക്ലാസ്സ് മുറികൾ |
| ഇന്ററാക്ടീവ് വൈറ്റ് ബോർഡ് | ഇല്ല | ആവശ്യം 14 എണ്ണം |

| | |
|---|---|
| വികസന സമിതി | ഉണ്ട് |
| ഗണിതക്ലബ്ബ് | പ്രവർത്തനങ്ങൾ നടക്കുന്നു, മേളകളിൽ നല്ല പങ്കാളിത്തം |
| ശാസ്ത്രക്ലബ്ബ് | ദിനാചരണങ്ങൾ, ക്വിസ് പരിപാടികൾ, ബോധവൽക്കരണ പരിപാടി, ഫീൽഡ് ട്രിപ്പ് |
| എസ്.എസ് ക്ലബ്ബ് | പ്രവർത്തിക്കുന്നു, ദിനാചരണങ്ങൾ |
| ഇംഗ്ലീഷ് ക്ലബ്ബ് | പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നു |
| ലൈബ്രറി | പ്രത്യേകം ബിൽഡിംഗ് ഉണ്ട്, എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗത്തിനായി ഒരുമിച്ച് ഇന്റീരിയർ ആവശ്യമാണ്. |
| സയൻസ് ലാബ് | പ്രത്യേകം നിലവിലില്ല, പ്രവർത്തനങ്ങൾ നടക്കുന്നു, റൂം ആവശ്യമാണ്, മൈക്രോലാബ് അത്യാവശ്യം |
| മാത്സ് ലാബ് | റൂം ആവശ്യമാണ്, നിലവിൽ പ്രവർത്തനങ്ങൾ നടക്കുന്നു |
| സാമൂഹ്യശാസ്ത്ര ലാബ് | റൂം ആവശ്യമാണ്, നിലവിൽ പ്രവർത്തനങ്ങൾ നടക്കുന്നു |
| ഐ.റ്റി ലാബ് | പുതിയ റൂം ആവശ്യമാണ്, നിലവിലുള്ള ലാബിലും പ്രവർത്തനങ്ങൾ നടക്കുന്നുണ്ട് |

## ഭൗതികാന്തരീക്ഷം ഹയർ.എസ്.എസ് വിഭാഗം

| ഭൗതിക സാഹചര്യങ്ങൾ | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ക്ലാസ്സ് മുറികൾ | 14 | 14 Rooms Interior (Renovation) |
| ലാബ് കെമിസ്ട്രി, ഫിസിക്സ് | 2 | 2 Rooms Interior (Renovation) |
| ബോട്ടണി & സുവോളജി | 1 | 1 Interior (Renovation) |
| ജിയോഗ്രഫി | ഇല്ല | Lab Room 1 |
| കമ്പ്യൂട്ടർ ആപ്ലിക്കേഷൻ | ഇല്ല | Lab Room 1 |
| സ്റ്റാഫ് റൂം | ഇല്ല | 2 Rooms |
| പ്രിൻസിപ്പാൾ റൂം | Temporary | 1 Room |
| സ്കൗട്ട് ഓഫീസ് റൂം | ഇല്ല | 1 |
| എൻ.എസ്.എസ് ഓഫീസ് റൂം | ഇല്ല | 1 |
| എൻ.സി.സി ഓഫീസ് റൂം | Temporary | 1 |
| Sanskrit class | ഇല്ല | 1 |
| Ladies weighting room | ഇല്ല | 1 |
| Canteen | ഇല്ല | 1 |
| Toilets boys | 10 (common) | 10 attached |
| Toilets girls | 20 (common) | 10 attached |

**നിഗമനം:-** ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്ക് ഒ.ട വിഭാഗത്തിന് ലാബ്റൂമുകളും അനുബന്ധ ഉപകരണങ്ങളും ആവശ്യമായിട്ടുണ്ട്.

**പ്രശ്നം(6) ഉച്ചഭക്ഷണ സംവിധാനം - നവീകരണം:-** ഉച്ചഭക്ഷണ സംവിധാനം ശരിയായ രീതിയിൽ നടത്താൻ കഴിയാത്തത് പ്രശ്നങ്ങൾക്ക് കാരണമാകുന്നു.

**അപഗ്രഥനം:-** 8-ാം ക്ലാസിലെ 150 കുട്ടികൾക്ക് പുറമേ 9,10 ക്ലാസുകളിലെ കുട്ടികളും ഉച്ചഭക്ഷണം കഴിക്കാറുണ്ട്. സാമ്പത്തികമായി വളരെ താഴ്ന്ന നിലവാരക്കാരും, കൂലിപ്പണിക്കാരായ രക്ഷിതാക്കളും സ്കൂളിലെ ഉച്ചഭക്ഷണം പ്രതീക്ഷിച്ച് കുട്ടികൾക്ക് ആഹാരം പാകം ചെയ്ത് നൽകാറില്ല. ഈ സാഹചര്യത്തിൽ എല്ലാ കുട്ടികൾക്കും ഉച്ചഭക്ഷണം ലഭ്യമാക്കേണ്ടതായുണ്ട്. അതുപോലെ വൃത്തിയായ സാഹചര്യത്തിൽ ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാചകപ്പുര, ആഹാരം കഴിക്കുന്നതിനുള്ള ഡൈനിംഗ് ഹാൾ, പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ എന്നിവയും അത്യാവശമാണ്.

നിലവിലുള്ള ഒരു ഷെഡ്ഡിലാണ് പാചകം ചെയ്യുന്നത് കുട്ടികൾ ക്ലാസ് മുറികളുടെ വാരാന്തകളിലും, തുറസ്സായ സ്ഥലങ്ങളിലും ഇരുന്ന് ഭക്ഷണം കഴിക്കുന്നു. പാകം ചെയ്യുന്നതിന് വിറകിന്റെ അഭാവം നിലനിൽക്കുന്നുണ്ട്. കായിക പരിശീലന പരിപാടി രാവിലെ 7.15 മുതൽ 8.55 വരെ നടക്കുന്നുണ്ട്. അതിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പിന്നീട് വീടുകളിൽ പോയി ഭക്ഷണം കഴിച്ച് തിരിച്ച് വരുന്നതിന് പ്രയാസം നേരിടുന്നു. അതിനാൽ ഉച്ചഭക്ഷണത്തിന് പുറമേ പോഷക സമൃദ്ധമായ

പ്രാത ഭക്ഷണവും, വൈകുന്നേരത്തെ സ്പെഷ്യൽ ക്ലാസുകൾ പരിഗണിച്ച് ലഘുഭക്ഷണം ഏർപ്പെടുത്തുകയും വേണം.

<u>നിഗമനം:</u>- പാചകപ്പുര- 1 ഡൈനിംഗ്ഹാൾ-1 ഗ്യാസ് അടുപ്പ്, പാത്രങ്ങൾ, പ്രാത ഭക്ഷണം, വൈകുന്നേരത്തെ ലഘുഭക്ഷണം എന്നിവ ആവശ്യമായിട്ടുണ്ട്.

<u>പ്രശ്നം(7) കുടിവെള്ള സംവിധാനം, വാട്ടർ കണക്ഷൻ എന്നിവ നടപ്പിലാക്കൽ:-</u> മഴക്കാലം കഴിയുമ്പോൾതന്നെ വെള്ളം വറ്റുന്ന കിണറുകളും പൊട്ടിയ പൈപ്പുകളും, ടോയ്ലെറ്റുകളിലെ ജലക്ഷാമം എന്നിവ നിലനിൽക്കുന്നു. മഴവെള്ള സംഭരണി ഇല്ലാത്ത അവസ്ഥ.

<u>അപഗ്രഥനം:</u>- വർഷകാലത്ത് മാത്രം ജലം തരുന്ന കിണറുകളാണ് ഈ വിദ്യാലയത്തിലുള്ളത്. മഴക്കാലം കഴിയുമ്പോൾ തന്നെ ജലക്ഷാമം നേരിടുന്നു. അതിനാൽ ഉച്ചഭക്ഷണ സമയത്ത്, ഇന്റർവെൽ സമയം എന്നിങ്ങനെ കുട്ടികൾ കുടിവെള്ളത്തിനായി പരിസര പ്രദേശങ്ങളിലേക്കായി പോകുന്ന അവസ്ഥ നിലനിൽക്കുന്നു.

<u>നിഗമനം:-</u> കുഴൽ കിണർ കുഴിക്കുക, ആവശ്യമായ വാട്ടർ ടാപ്പുകൾ കൈകഴുകുന്നതിനായി വാട്ടർ അതോറിറ്റിയുടെ Connection ലഭ്യമാക്കുക. മഴവെള്ള സംഭരണി സ്ഥാപിക്കുക.

<u>പ്രശ്നം(8) ലൈബ്രറി നവീകരണം:</u>- ലൈബ്രറി റൂം ഹൈസ്കൂൾ വിഭാഗത്തിന് നിലവിലില്ല.

<u>അപഗ്രഥനം:-</u> ഹൈസ്കൂൾ വിഭാഗം ലൈബ്രറി റൂം ഇല്ല. രണ്ടു ഷെൽഫുകളിലായി പുസ്തകങ്ങൾ ലാബിന്റെ ഒരു മൂലയ്ക്കാണ് സൂക്ഷിച്ചിരിക്കുന്നത്. CD ലൈബ്രറി ആവശ്യമായിട്ടുണ്ട്. പുസ്തകങ്ങൾ

6

ക്രമീകരിക്കുന്നതിനാവശ്യമായ ഷെൽഫുകൾ, ലൈബ്രേറിയന്റെ സേവനം എന്നിവ നിലവിലില്ല റഫറൻസ് സെക്ഷൻ പ്രവർത്തിക്കുന്നതിനും, റീഡിംഗ് റൂമിനും ആവശ്യമായ ബഞ്ച്, ഡസ്ക്, കസേര, മേശ എന്നിവയും ആവശ്യമാണ്. പുസ്തകങ്ങൾ ആവശ്യം വേണ്ടതുപോലും നിലവിലില്ലാത്ത അവസ്ഥയാണ്.

<u>നിഗമനം:-</u> ലൈബ്രറി റൂം, ലൈബ്രറി ഫർണീച്ചറുകൾ, ഷെൽഫുകൾ HS ലൈബ്രറി റാക്കുകൾ, CD's കംപ്യൂട്ടർ, പുസ്തകങ്ങൾ, റീഡിംഗ് റൂം, റഫറൻസെക്ഷൻ എന്നിവയ്ക്കാവശ്യമായ (ബഞ്ച് - 5, ഡസ്ക് - 5) X2 എന്നിവ അത്യാവശമാണ്.

**<u>പ്രശ്നം(9) ക്ലാസ്മുറികളെ ബന്ധിച്ചുകൊണ്ടുള്ള സ്പീക്കർ സിസ്റ്റം:-</u>**

മോർണിംഗ് പ്രയർ, അസംബ്ലിയില്ലാത്ത ദിവസങ്ങളിലെ അിറയിപ്പുകൾ എന്നിവ എല്ലാകുട്ടികൾക്കും പ്രത്യേകിച്ച് ഓഫീസ് റൂമിൽനിന്നും ദൂരെ സ്ഥിതി ചെയ്യുന്ന ക്ലാസുകളിലെ കുട്ടികൾക്ക് കേൾക്കാൻ കഴിയാത്ത അവസ്ഥ അവസ്ഥ നിലനിൽക്കുന്നു

<u>അപഗ്രഥനം:-</u> ബിൽഡിംഗ് രൂപകൽപ്പന ചെയ്യുനനതനുസരിച്ച് ചില ബിൽഡിംഗുകൾ ഓഫീസ് റൂമുകളിൽ നിന്ന് വളരെ അകലെ സ്ഥിതി ചെയ്യുന്നു. അതിനാൽ അിറയിരപ്പുകൾ ക്ലാസ് മുറികളിൽ കേൾക്കാൻ കഴിയാത്ത സാഹചര്യം ഉണ്ട്. അതിനാൽ എല്ലാ ക്ലാസുകളെയും തമ്മിൽ ബന്ധിപ്പിച്ച് സ്പീക്കർ സിസ്റ്റം സ്ഥാപിക്കേണ്ടത് അത്യാവശമാണ്.

<u>നിഗമനം:-</u> HS ന്റെ 14 ക്ലാസ് മുറികളും HSS ന്റെ ക്ലാസ് മുറികളേയും തമ്മിൽ ബന്ധിപ്പിച്ച് സ്പീക്കർ സിസ്റ്റം സ്ഥാപിക്കുക.

[illegible] കുട്ടികളുടെ പാർക്ക്, കൃഷിത്തോട്ടം, പൂന്തോട്ടം എന്നിവയുടെ നിർമ്മാണം:- കുട്ടികളുടെ പാർക്ക്, കൃഷിത്തോട്ടം, പൂന്തോട്ടം എന്നിവ നിലവിലില്ലാത്ത അവസ്ഥ.

അപഗ്രഥനം:- കുട്ടികളുടെ പാർക്ക് അവർക്ക് (മെൻഡൽ റിലാക്സേഷൻ) സമയത്ത് വിശ്രമിക്കുന്നതിനും സ്വയം പര്യാപ്തത കൃഷിയിലൂടെ എന്ന സന്ദേശം ഉൾക്കൊണ്ടുകൊണ്ട് പച്ചക്കറി കൃഷിയെ പ്രോത്സാഹിപ്പിക്കുക, വിദ്യാലയം ആകർഷകമാക്കാനുള്ള പൂന്തോട്ടം നിർമിക്കുക എന്നീ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാഹചര്യം ഇപ്പോൾ സ്കീളിൽ ഇല്ല. ചുറ്റുമതിൽ ഇല്ലാത്തതും ജലദൗർലഭ്യവും ടി പ്രവർത്തനങ്ങൾക്ക് തടസ്സമായി നിൽക്കുന്നു. എന്നാൽ സമൂഹ പിന്തുണയും, പ്രോത്സാഹന വും ഉണ്ടെങ്കിൽ അതിനെ അതിജീവിക്കാം. എങ്കിലും ഇതിനാവശ്യമായ സാധന സാമഗ്രികൾ പലപ്പോഴും കുട്ടികൾക്ക് വീടുകളിൽ നിന്ന് ശേഖരിക്കേണ്ടതായി വരുന്നു. ആയതിനാൽ കാർഷിക ഉപകരണങ്ങൾ സ്കൂളുകളിൽ സ്വന്തമായി ഉണ്ടാകോണ്ടതായുണ്ട്.

അപഗ്രഥനം:- കുട്ടികളുടെ പാർക്ക് -1, കൃഷി ആയുധങ്ങൾ, മൺവെട്ടി -5, കുന്താലി -5, റബ്ബർകുട്ട -5, പിക്കാസ് -5, ഗാർഡൻ സിസർ -2 എന്നിവ അത്യാവശമാണ്.

## വേസ്റ്റ് മാനേജ്മെന്റ് സംവിധാനം

പ്രശ്നം(11) HS, HSS വിഭാഗത്തിലെ ഏകദേശം 1000 കുട്ടികൾ പഠിക്കുന്ന വിദ്യാലയത്തിൽ ശരിയായ വേസ്റ്റ് മാനേജ്മെന്റ് സംവിധാനം നിലവിലില്ല.

<u>അപഗ്രഥനം:-</u>

ഇത്രയും കുട്ടികൾ ഉച്ച ഭക്ഷണം കഴിക്കുമ്പോൾ ഉണ്ടാകുന്ന വേസ്റ്റുകൾ Pit-കളിലും പ്രത്യേകം തയ്യാറാക്കിയ വേസ്റ്റ് ബോക്സുകളിലും നിക്ഷേപിക്കുന്നു. ഇവയിൽ ജൈവ അവശിഷ്ടം ധാരാളം ഉള്ളതിനാൽ ഇത് കത്തിച്ചു കളയുന്നതിന് പ്രയാസം നേരിടുന്നു. കാക്കയും പട്ടിയുമൊക്കെ എടുത്ത് അവിടവിടെ കൊണ്ടു ചെന്നിട്ട് പ്രശ്നങ്ങൾക്ക് കാരണമാകുന്നു. അതിനാൽ ജൈവാവശിഷ്ടങ്ങളെ ശരിയായി സംസ്കരിക്കുന്നതിന് ബയോഗ്യാസ് പ്ലാന്റ് ആവശ്യമായിട്ടുണ്ട്. അതിലെ ഇന്ധനം ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനായി ഉപയോഗിക്കുകയും ചെയ്യാം.

<u>നിഗമനം:-</u> ബയോഗ്യാസ് പ്ലാന്റ്-1, ആവശ്യം വേണ്ടതാണ്

## <u>മഴവെള്ളസംഭരണി നിർമ്മാണം</u>

<u>പ്രശ്നം(12) 6 മാസക്കാലം രൂക്ഷമായ ജലക്ഷാമം നേരിടുന്ന് അവസ്ഥ.</u>

<u>അപഗ്രഥനം:-</u> ഭൂമിശാസ്ത്രപരമായ പ്രത്യേകത കണക്കിലെടുത്താൽ സ്കൂൾ നിൽക്കുന്ന കോമ്പൗണ്ടിൽ നിന്ന് താഴേക്ക് കുത്തനെ ജലത്തിന്റെ ഒഴുക്ക് ഉണ്ടാകുന്നു. അതിനാൽ വെള്ളം തങ്ങി നിൽക്കുന്ന അവസ്ഥ സ്കൂൾ കോമ്പൗണ്ടിൽ ഉണ്ടാകുന്നില്ല. ആയതിനാൽ 6 മാസക്കാലം കടുത്ത ജലക്ഷാമം നേരിടുന്നു. ഈ ഒഴുകിപ്പോകുന്ന വെള്ളത്തിനെ മേൽക്കൂരയിൽ നിന്നുള്ള ജലം ശേഖരിക്കത്തെ വിധത്തിൽ മഴവെള്ള സംഭരണി സ്ഥാപിക്കുകയാണെങ്കിൽ നമുക്ക് സ്കൂൾ ആവശ്യത്തിനും തോട്ട നിർമ്മാണത്തിനും മറുപടിയായി ഉപയോഗിക്കാം.

<u>നിഗമനം:-</u> മഴവെള്ള സംഭരണി -1.

## കാന്റീൻ, സ്റ്റോർ എന്നിവയുടെ നിർമ്മാണം

പ്രശ്നം(13) കാന്റീൻ, സ്റ്റോർ എന്നിവയുടെ അഭാവം സ്കൂൾ അച്ചടക്കത്തിന് തടസ്സം സൃഷ്ടിക്കുന്നു.

അപഗ്രഥനം:- തൊട്ടടുത്ത ജില്ലയിൽ നിന്നും വരെ അധ്യാപകർ ഈ സ്കൂളിൽ അധ്യാപകരായി വന്നിട്ടുണ്ട്. പിന്നീട് സ്കൂളിലെ ജോലിത്തിരക്കുകളും അധ്യാപകർക്കും, വിദ്യാർഥികൾക്കും ഭക്ഷണം കൊണ്ടുവരാൻ കഴിയാത്ത ചില സാഹചര്യങ്ങളും ഒക്കെ കണക്കിലെ ടുത്ത് കാന്റീൻ ആവശ്യമായ സാഹചര്യമാണ്. കുട്ടികൾക്ക് പലപ്പോഴും അവരുടെ പഠന സാമഗ്രികൾ വാങ്ങുന്നതിനായി സ്കൂളിന് പുറത്ത് പോകേണ്ട അവസ്ഥ ഉണ്ടാകുന്നു. ആയതിനാൽ കുടുംബശ്രീ യൂണിറ്റു കളുടെ സേവനം ഉപയോഗപ്പെടുത്തി കാന്റീൻ, സ്റ്റോർ എന്നിവ നടത്തുക യാണെങ്കിൽ അത് അധ്യാപകർക്കും, വിദ്യാർഥികൾക്കും ഒരുപോലെ സഹായകമാകും.

നിഗമനം:- കാന്റീൻ, സ്റ്റോർ എന്നിവ കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുക.

## സൈക്കിൾഷെഡിന്റെ നിർമ്മാണം

പ്രശ്നം(14) സൈക്കിൾ ഷെഡ്, സ്കൂട്ടർ, കാർഷെഡ് എന്നിവയുടെ അഭാവം.

അപഗ്രഥനം:- മുൻപ് സ്കൂളിൽ നിലനിന്നിരുന്ന പഴയെ സൈക്കിൾ ഷെഡ് കെട്ടിട നിർമ്മാണ സമയത്ത് പൊളിച്ചുമാറ്റേണ്ടി വന്നു. യാത്രസൗകര്യം ഇല്ലാത്ത പ്രദേശമായതിനാൽ കുട്ടികൾ അതികവും സൈക്കിളിൽ ആണ് എത്തിച്ചേരുന്നത്. ഷെഡ് ഇല്ലാത്തതിനാൽ

കുട്ടികൾക്ക് അവിടവിടെ സൈക്കിൾ കൊണ്ട് വയ്ക്കേണ്ട അവസ്ഥ ഉണ്ടാകുന്നു. അതിനാ ൽ 1300 കുട്ടികൾ അധ്യയനം നടത്തുന്ന ഈ സ്കൂളിൽ സൈക്കിൾ ഷെഡ് ഉണ്ടായേ തീരൂ എന്ന അവസ്ഥയാണ് നിലനിൽക്കുന്നത്.

നിഗമനം:- HS, HSS വിഭാഗങ്ങൾക്കായി (പെൺ/ആൺ) പ്രത്യേകം 2 സൈക്കിൾ ഷെഡ് ആവശ്യമാണ്.

## യാത്രാക്ലേശം പരിഹരിക്കുന്നതിനായി സ്കൂൾ ബസ്

**പ്രശ്നം(15) സ്കൂൾ ബസ് ഇല്ലാത്തതിനാൽ ധാരാളം കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരാൻ കഴിയാത്ത അവസ്ഥ.**

**അപഗ്രഥനം:-** സ്കൂൾ നിൽക്കുന്ന പ്രദേശത്തേയ്ക്ക് യാത്രാക്ലേശം നിലനിൽക്കുന്നു. റൂട്ട് ബസുകൾ സ്കൂൾ ടൈമിൽ ഇല്ലാത്തതും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. മണിക്കൂറുകൾ കുട്ടികൾക്ക് ബസ്റ്റോപ്പിൽ അലയുന്ന അവസ്ഥ ഉണ്ടാകുകയും ഇത് അച്ചടക്കത്തെ ബാധിക്കുകയും ചെയ്യുന്നു.

**നിഗമനം:-** HS, HSS വിഭാഗങ്ങൾക്കായി 2 ബസ്സുകൾ അത്യാവശ്യമാണ്.

പെൺകുട്ടികളുടെ ജീവിത നൈപുണി വളർത്തിയെടുക്കുന്ന പ്രവർ ത്തനങ്ങൾ

**പ്രശ്നം(16) പെൺകുട്ടികളുടെ ജീവിത നൈപുണി വളർത്തിയെടു ക്കുന്ന സാഹചര്യങ്ങളുടെ അഭാവം.**

അപഗ്രഥനം:- HS, HSS വിഭാഗത്തിലെ 50% പെൺകുട്ടികളാണുള്ളത്. ആധുനിക ഉപഭോഗ സംസ്കാരവും ചാനലുകളുടെ അതിപ്രസരവും

മൊബൈൽഫോണിന്റെ ഉപയോഗവും പെൺകുട്ടികളോടുള്ള സമൂഹ ത്തിന്റെ. കാഴ്ചപ്പാടിൽ മാറ്റം വരുത്തുന്നുണ്ടോയെന്ന് ചിന്തിക്കേണ്ട സമയം അധികരിച്ചിരിക്കുകയാണ്. പെൺകുട്ടികൾ സമൂഹത്തിൽ അവസര തുല്യത ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു ണ്ടെങ്കിലും അവരോടുള്ള കാഴ്ചപ്പാടിൽ മാറ്റം ഉണ്ടാകേണ്ടി യിരിക്കുന്നു. വിദ്യാലയങ്ങൾ തന്നെ ഇത്തരം ചൂഷണങ്ങളുടെ സങ്കേതങ്ങൾ ആയി മാറിക്കൊണ്ടിരിക്കുന്നു. തീർച്ചയായും ഇതിനുത്തരവാദികൾ നമ്മളോരോ രുത്തരുമാണ്. വിദ്യാർത്ഥിനിയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഗേൾസ് എഡ്യുക്കേഷൻ കരിക്കുലം തന്നെ മാറ്റേണ്ടിയിരിക്കുന്നു. ഹെൽപ്പ് ഡസ്ക്കുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തണം. സമൂഹത്തിലെ പ്രശ്നങ്ങളോട് മല്ലിട്ട് ജീവിതം വിജയം കൈവരിച്ച സ്ത്രീനേതാക്കളുടെ ഗസ്റ്റ് ക്ലാസുകൾ സംഘടിപ്പിക്കണം. ജനസംഖ്യയിൽത്തന്നെ സ്ത്രീ പ്രാതിനിധ്യം കൂടുതലുള്ള നമ്മുടെ രാജ്യത്ത് മൂല്യബോധമുള്ള പെൺ കുട്ടികൾ വളർന്നുവരേണ്ടത് നമ്മുടെ രാജ്യ പുരോഗതിയ്ക്ക് ഏറ്റവും അത്യാവശ്യമാണ്.

<u>നിഗമനം:-</u> പെൺകുട്ടികൾക്കായി സഹവാസ ക്യാമ്പുകൾ, ശുചിത്വ ബോധത്തെക്കുറിച്ച് വിദഗ്ദ്ധ ക്ലാസുകൾ, കരാട്ടേ, കളരി, യോഗ തുടങ്ങിയവയുടെ പരിശീലനം, പെൺകുട്ടികളുടെ മാതാപിതാക്കൾക്കാ യുള്ള ബോധവൽക്കരണ ക്ലാസുകൾ, വ്യക്തിത്വ വികസന പരിപാടികൾ എന്നിവ തുടർന്നും നടപ്പിലാക്കുക.

12

## IED കുട്ടികൾക്കായുള്ള വികസന പദ്ധതികൾ

**പ്രശ്നം(17) IED കുട്ടികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ നിലവിലുണ്ട്.**

അപഗ്രഥനം:- ഞങ്ങളുടെ വിദ്യാലയത്തിൽ 16 IED കുട്ടികൾ അധ്യയനം നടത്തുന്നുണ്ട്. അതിൽ 8-ാം ക്ലാസിലെ ഒരു കുട്ടി OPH വിഭാഗത്തിൽ പ്പെടുന്നതാണ്. ആ കുട്ടിക്ക് സ്കൂളിൽ ഹാജരാകുന്നതിനും, ക്ലാസ് മുറിയിൽ പ്രവേശിക്കുന്നതിനും പ്രയാസം നേരിടുന്നു. അതിനാൽ 8-ാം ക്ലാസിന്റെ ഹാളിൽ റാംപ് & റയിൽ സംവിധാനം അത്യാവശ്യമാണ്. മറ്റുകുട്ടികളോടൊപ്പം ക്ലാസ് മുറികളിൽ ഇവർ ചെലവഴിക്കാൻ താത്പര്യം കാണിക്കുന്നില്ല. അവരുടെ രക്ഷിതാക്കൾക്ക് ആവശ്യമായ കൗൺസിലിംഗ് നൽകിയെങ്കിൽ മാത്രമേ അവർക്ക് കൃത്യമായി സ്കൂളിൽ ഹാജരാകാൻ കഴിയുകയുള്ളൂ. IED കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരുന്നതിനായി വാഹന സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. അവർക്ക് ആവശ്യമായ പഠനോപകരണങ്ങൾ സൗജന്യമായി നൽകണം. ഗ്രാന്റ് തുക വർദ്ധിപ്പിച്ച് നൽകണം. അധ്യാപകർക്ക് പ്രത്യേക ക്ലാസുകൾ നൽകേണ്ടതായുണ്ട്. ടി കുട്ടികൾ ഉൾപ്പെട്ട ക്ലാസിലെ മറ്റുകുട്ടികൾക്ക് ആവശ്യമായ ബോധവൽക്കരണവും നൽകണം.

**നിഗമനം:-** യാത്രാസൗകര്യം (ബസ്-1), ബോധവൽക്കരണ ക്ലാസ് (അധ്യാപകർ, രക്ഷിതാക്കൾ), ടി കുട്ടികൾ ഉൾപ്പെട്ട ക്ലാസിലെ മറ്റു കുച്ചികൾക്ക് ബോധവൽക്കരണ ക്ലാസ്, സന്നദ്ധ സംഘടനകളുടെ മറ്റു സേവനങ്ങൾക്കായി വിദ്യാലയ വികസന സമിതിയുടെ ഇടപെടൽ എന്നിവ ഉണ്ടാകണം. റിസോഴ്സ് ടീച്ചറുടെ സേവനം സ്ഥിരമായി ലഭിക്കുന്ന അവസ്ഥ ഉണ്ടാകണം.

## വിദ്യാലയത്തിന്റെ തനത് പ്രവർത്തനങ്ങൾ നൂതനാശയ പ്രവർത്തനങ്ങൾ (ഏറ്റെടുത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നവ)

1. S.S.L.C വിജയശതമാനം ഉന്നതവിജയം, നേടിന്നതിനും ആവിഷ്കരിച്ച് നടപ്പിലാക്കികൊണ്ടിരിക്കുന്ന **അധ്യയന രീതി.**

കഴിഞ്ഞ മൂന്നു വർഷക്കാലമായി നമ്മുടെ സ്കൂൾ S.S.L.C വിജയശതമാനത്തിന്റെ കാര്യത്തിൽ മുൻപന്തിയിലാണ്. കഴിഞ്ഞവർഷം 100% വും **22**കുട്ടികളിൽ വിജയം Full A+ വിജയം നേടി ജില്ലയിലെ തന്നെ മികച്ച സ്കൂളുകളോട് കിടപിടിക്കത്തക്കവിധം എത്താൻ കഴിഞ്ഞു. അധ്യാപകരുടെ ഒരു കൂട്ടായ്മയാണ്. ഈ വിജയത്തിനു പിന്നിൽ എന്നത് തികച്ചും അഭിമാനകരമാണ്. IX-ാം ക്ലാസ്സിലെ അവസാന പരീക്ഷയിലെ ഗ്രേഡ് അടിസ്ഥാനത്തിൽ കുട്ടികളെ പ്രത്യേകം ഡിവിഷനുകളിലായി പഠിപ്പിക്കുന്നു. വൈകുന്നേരങ്ങളിൽ 3.30 മുകൽ 4.30 വരെയും, നൈറ്റ് ക്ലാസുകളും നടപ്പിലാക്കി വരുന്നു. താഴ്ന്ന നിലവാരം പുലർത്തുന്ന വിഷയങ്ങളായ ഇംഗ്ലീഷ്, മാത്സ് എന്നിവയ്ക്ക് പ്രത്യേകമായി പഠനപ്രവർത്തനങ്ങളിൽ ആസൂത്രണം ചെയ്ത് താഴ്ന്ന നിലവാരക്കാരായ കുട്ടികളെ പ്രത്യേകം ഗ്രൂപ്പുകളാക്കി പഠനപ്രവർത്തനങ്ങൾ നൽകി വിജയത്തിന്റെ പാതയിലേക്കെത്തിക്കുന്നു.

<u>പ്രശ്നം:-</u> വൈകുന്നേരങ്ങളിലെ ക്ലാസുകളിലെ കുട്ടികൾ ക്ഷീണിച്ചിരിക്കുന്ന അവസ്ഥ. നൈറ്റ് ക്ലാസ്സിനും ലഘുഭക്ഷണം നൽകാൻ കഴിയാത്ത അവസ്ഥ. കുട്ടികളുടെ എണ്ണത്തിൽ കുറവു വരുത്തുന്നു.

<u>അപഗ്രഥനം:-</u> കഴിഞ്ഞ രണ്ടുവർഷക്കാലം നൈറ്റ് ക്ലാസ്സ് സംഘടിപ്പിച്ച തിൽ മുൻ HM -ന് ധാരാളം സാമ്പത്തിക ബാധ്യത ഉണ്ടായി.

രക്ഷകർത്താക്കളുടെ പങ്കാളിത്തം പൂർണ്ണമായും ഇല്ലായിരുന്നു. തീരെ സാധുക്കളായ കുട്ടികൾ ആണ് നൈറ്റ് ക്ലാസ്സിൽ എത്തുന്നത്. അവരുടെ ജീവിത നിലവാരവും വളരെ താഴ്ന്നതാണ്. അതിനാൽ എന്തെങ്കിലും ലഘുഭക്ഷണസംവിധാനം ഏർപ്പെടുത്തിയില്ലായെങ്കിൽ ഹാജർ നില കുറയുന്ന അവസ്ഥ ഉണ്ടാകുന്നു.

നിഗമനം:- ഈവനിംഗ് ക്ലാസ്സ്, നൈറ്റ് ക്ലാസ്സ് എന്നിവയ്ക്കാവശ്യമായ ലഘുഭക്ഷണ സൗകര്യം നടപ്പിലാക്കുക. കൂലിപ്പണിയ്ക്ക് പകൽ സമയം രക്ഷിതാക്കളെ സഹായിക്കാൻ പോകുന്ന കുട്ടികളും നൈറ്റ് ക്ലാസ്സുകളിൽ പങ്കെടുക്കുന്നു അതിനാൽ അവർക്ക് ആവശ്യമായ ലഘുഭക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിന് സന്നദ്ധസംഘടനകളെക്കൊണ്ട് സ്പോൺസർ ചെയ്യുന്നതിനുള്ള സംവിധാനവും വിദ്യാലയവികസന സമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാവണം.

## 2. അക്ഷരം അറിയാത്ത കുട്ടികൾക്ക് (VII-ാം Std) അക്ഷരം പഠിപ്പിക്കുന്ന അക്ഷരദീപം പദ്ധതി.

സ്കൂൾ വർഷം ആരംഭിക്കുമ്പോൾ തന്നെ VII Std ലെ കുട്ടികളെ ഭാഷാധ്യാപകൻ (മലയാളം) വായിക്കാനും എഴുതാനും അറിയാത്തവരെ തരംതിരിച്ച് ഗ്രൂപ്പുകളാക്കുന്നു. പ്രത്യേകം പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. ഓരോ പ്രവർത്തനങ്ങൾ നൽകി മൂല്യനിർണ്ണയം നടത്തി രേഖപ്പെടുത്തുന്നു. വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. മികച്ച നിലവാരം കാഴ്ച വെയ്ക്കുന്ന കുട്ടികൾക്ക് പ്രോത്സാഹന സമ്മാനങ്ങളും നൽകുന്നു. പലപ്പോഴും ക്ലാസ്സിൽ ഹാജരാകാത്ത കോളനി നിവാസികളായ കുട്ടികളാണ് ഈ രംഗത്ത് പിന്നിലാക്കുന്നത് അവർ ക്ലാസ്സിൽ ഹാജരാ

കുന്നതിനുവേണ്ടി അധ്യാപകർ നേരിട്ടുള്ള ഗൃഹസന്ദർശനം, മധുരങ്ങൾ നൽകൽ എന്നിങ്ങനെ പല പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

പ്രശ്നം:- കുട്ടികൾ അവരുടെ ഗൃഹാന്തരീക്ഷത്തിലെ അപാകതകൾ കാരണം ക്ലാസ്സിൽ ഹാജരാകാതെ വരുന്നത് ക്ലാസ്സുകൾക്ക് തടസ്സമായി മാറുന്നു.

അപഗ്രഥനം:- ഗൃഹസന്ദർശനം നടത്തിയാലും പലപ്പോഴും രക്ഷിതാക്കളെ കണ്ടുകിട്ടുന്നതിനുള്ള ബുദ്ധിമുട്ടുകൾ, രോഗാവസ്ഥയിലുള്ള രക്ഷിതാക്കൾ എന്നീ സാഹചര്യങ്ങൾ നിമിത്തം ക്ലാസ്സിൽ ഹാജരാകാത്തവരെ ഇതിൽ പങ്കെടുപ്പിക്കാൻ കഴിയാതെ വരുന്നു. വല്ലപ്പോഴും എത്തുന്ന ഇവർക്ക് ക്ലാസ്സുകൾ തുടർച്ചയായി എടുക്കാൻ കഴിയാതെ വരുന്നു. വല്ലപ്പോഴും എത്തുന്ന ഇവർക്ക് ക്ലാസ്സുകൾ തുടർച്ചയായി എടുക്കാൻ കഴിയാതെ വരുന്നു.

നിഗമനം:- മറ്റ് പി.ടി.എ അംഗങ്ങളുടെ സേവനം ഉപയോഗപ്പെടുത്തി ഈ രക്ഷിതാക്കൾക്ക് ബോധവൽക്കരണം നൽകണം. ഇവർക്ക് ആവശ്യമായ പഠനോപകരണങ്ങൾ/മറ്റ് ചെലവുകൾ എന്നിവ വികസന സമിതിയുടെ സഹായത്താൽ കണ്ടെത്തുക.

(സന്നദ്ധസംഘടനകൾ/വ്യക്തികൾ)

3. അടിസ്ഥാനശേഷി വികസന പരിപാടി- ഗണിതം ലളിതം

ഗണിത വിഷയത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അനായാസം ഗണിത, വിഷയങ്ങൾ നിർധാരണം ചെയ്യുന്നതിന് പ്രാപ്തരാക്കുന്ന പദ്ധതിയാണ് ഗണിതം ലളിതം. 30 കുട്ടികളെയാണ് പ്രീ-ടെസ്റ്റ്

നടത്തി തെരഞ്ഞടുത്തത്. ഇവർക്കാവശ്യമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് വരുന്നു.

<u>പ്രശ്നം:-</u> കുട്ടികളുടെ ഹാജർ കുറയുന്നതിന് പ്രശ്നം സൃഷ്ടിക്കുന്നു.

<u>അപഗ്രഥനം:-</u> സാമൂഹിക-സാമ്പത്തിക പിന്നോക്കാവസ്ഥ അനുഭവിക്കുന്ന കുട്ടികളാണ്. ഏറെയും ഗണിത വിഷയത്തിൽ പിന്നിലേക്ക് പോയതെന്ന് പഠനങ്ങളിലൂടെ വ്യക്തമായി. അവർക്ക് ആവശ്യമായ പ്രോത്സാഹന സമ്മാനങ്ങളും, പഠനപ്രവർത്തനങ്ങൾ, നൽകുന്നതിനാവശ്യമായ മെറ്റീരിയൽസ്, റിഫ്രഷ്മെന്റ് നൽകുന്നതിനാവശ്യമായ ഫണ്ട് ഇല്ലാത്ത അവസ്ഥ എന്നിവ നിലനിൽക്കുന്നു. രക്ഷിതാക്കൾ കൂലിപ്പണിക്കു പോകുമ്പോൾ സ്കൂളിൽ വരാതെ നിൽക്കുന്ന കുട്ടികളെ അധ്യാപകർ അവധി ദിവസങ്ങളിൽ ഗൃഹസന്ദർ ശനം നടത്തി പഠനോപകരണങ്ങൾ, വാങ്ങി നൽകി സ്കൂളിലേക്ക് കൊണ്ടു വരുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്.

<u>നിഗമനം:-</u> 30 കുട്ടികൾക്ക് പഠനോപകരണങ്ങൾ, റിഫ്രഷ്മെന്റ് മൊഡ്യൂൾ തയ്യാറാക്കി നൽകുന്നതിനാവശ്യമായ മെറ്റീരിയൽസ്.

വിദ്യാരംഗം

വിദ്യാരംഗം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ചിത്രരചന, കഥാരചന, കവിതാരചന, ഉപന്യാസമത്സരം, നാടൻപ്പാട്ട് അവതരണം എന്നിവ മാസം തോറും നടത്തിവരുന്നു.

ഹിന്ദി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ദിനാചരണ ദിവസങ്ങളിൽ ഹിന്ദിപോസ്റ്ററുകൾ പതിപ്പിക്കുകയും ഹിന്ദിയിൽ അസംബ്ലി നടത്തുകയും ചെയ്തുവരുന്നു. ഹിന്ദി അക്ഷരം എഴുതുവാനും വായിക്കുവാനും അറിയാത്ത കുട്ടികളെ വൈകുംന്നേരങ്ങളിൽ പ്രത്യേകമായി ലളിതാ കഥാ പുസ്തകങ്ങൾ വായിപ്പിക്കുകയും അവയുടെ കഥാംശം സ്വന്തം വാക്യത്തിൽ പുനരവതരിപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു.

സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ദിനാചരണങ്ങൾ ഭംഗിയായി നടത്തിവരുന്നു. പതിപ്പുകൾ, ചുവർപത്രിക, പോസ്റ്ററുകൾ, ബാഡ്ജുകൾ എന്നിവ കുട്ടികളെ കെണ്ട് തയ്യാറാക്കി അസംബ്ലിയിൽ അവതരിപ്പിച്ചു വരുന്നു. സ്വാതന്ത്ര്യദിനം, ഗാന്ധിജയന്തി, ഹരോഷ്മദിനം എന്നിവയോട് അനുബന്ധിച്ച് ക്വിസ് മൽസരം നടത്തി സമ്മാനം നൽകിവരുന്നു.

സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പരിസ്ഥിതിദിനം, ചന്ദ്രദിനം, ഓസോൺദിനം തുടങ്ങിയ ദിനാചരണങ്ങളും വിഞ്ജാനചെപ്പ് ക്വിസ് പരിപാടി, ലഘുപരീക്ഷണകളരി, പഠനവിനോദയാത്ര എന്നീ വ്യത്യസ്തങ്ങളായ പഠനപ്രവർത്തനങ്ങളും കൃത്യമായ ആസൂത്രണത്തോടെ നടന്നുവരുന്നു.

6. <u>ജൈവ-വൈവിധ്യപാർക്ക്</u>

കാർഷിക ക്ലബ്ബിന്റെ ഭാഗമായി കൃഷിവകുപ്പിന്റെ സഹായത്തോടെ ജൈവ പച്ചക്കറിത്തോട്ടം നട്ടുവളർത്തി പരിപാലിച്ചുവരുന്നു. ഉച്ചഭക്ഷണ

ത്തിന് ആവശ്യമായ വിഷരഹിതമായ പച്ചക്കറികൾ ഉൽപാദിപ്പിക്കുവാനും ഉപയോഗിക്കുവാനും നമുക്ക് സാധിക്കുന്നു. ഈ വർഷത്തെ ഒന്നാംവിളവെടുപ്പ് കഴിഞ്ഞ് രണ്ടാംഘട്ടം കൃഷിക്ക് തുടക്കം കുറിച്ച് കഴിഞ്ഞിരി ക്കുകയാണ്. വളപ്രയോഗവും മറ്റും കുട്ടികളുടെ സഹകരണത്തോടെ നടത്തിവരുന്നു.

ആയുഷ്ഗ്രാമം പദ്ധതിയുടെ ഭാഗമായി നമ്മുടെ സ്കൂളിന് നക്ഷത്രവനം നിർമ്മിക്കുവനായി വൃക്ഷതൈകൾ ലഭിച്ചു. അവ നല്ല രീതിയിൽ വിദ്യാർത്ഥികളുടെ കൂട്ടായ്മയിലൂടെ പരിപാലിച്ചുവരുന്നു. കൂടാതെ സ്കൂൾ പരിസരത്ത് പേര, മാവ്, ഉങ്ങ്, അത്തി, നെല്ലി, വേപ്പ് തുടങ്ങിയ 150 ൽപരം മരങ്ങൾ വച്ച് പിടിപ്പിച്ച് സംരക്ഷിച്ചുവരുന്നു.

7. <u>കായികരംഗം</u>

കായികരംഗത്ത് ജില്ലയിലെ തന്നെ ഏറ്റവും മികച്ചനിലവാരം പുലർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവെച്ച് സംസ്ഥാനതലം, ദേശിയതലം എന്നിവിടങ്ങളിൽ പ്രതിഭതെളിയിച്ച് പാരിതോഷികങ്ങൾ ഏറ്റുവാങ്ങാൻ ഞങ്ങളുടെ സ്കൂളിലെ കായികാഭിരുചിയുള്ള വിദ്യാർത്ഥികൾക്ക് കഴിഞ്ഞിട്ടുണ്ട്. ഞങ്ങളുടെ വിജയശതമാനം ഉയർത്തുന്നതിനും കായിക രംഗത്ത് കുട്ടികൾക്ക് കിട്ടിയ ഗ്രേസ് മാർക്കിലൂടെ കഴിയുന്നു. ഹൈസ്കൂൾ വിഭാഗത്തിൽ പ്രവർത്തിക്കുന്ന കായികാധ്യാപകന്റെ അർപ്പണമനോഭാവവും, ആത്മാർത്ഥമായ പ്രവർത്തന മികവുമാണ് LP തലം മുതൽ HSS തലം വരേയും പ്രാദേശികമായി ഇതര പഞ്ചായത്തു കളിലും, കോളേജ് തലങ്ങളിലുമൊക്കെയുള്ള വിദ്യാർത്ഥികൾക്ക് വിജയ വീഥിയിലെത്താൻ സഹായകമാകുന്നത് അദ്ദേഹത്തിന്റെ നിസ്വാർത്ഥ

സേവനമാണ് മറ്റ് സ്കൂളിലെ കുട്ടികൾക്ക് കൂടി അവസരം ലഭിക്കുന്ന തിനും, വിജയം കൈവരിക്കുന്നതിനും സഹായകമാകുന്നത്.

## കായിക രംഗത്ത് നേട്ടങ്ങൾ കൈവരിക്കുന്നതിനായി വിദ്യാലയം ഏറ്റെടുത്ത് നടപ്പിലാക്കി കൊണ്ടിരിക്കുന്ന തനത് പ്രവർത്തനം

### 1. പ്രാദേശിക സമ്മർ കോച്ചിംഗ് ക്യാമ്പ്

ചെമ്പകശ്ശേരി ഹയർസെക്കന്ററി സ്കൂളിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ 6 വർഷമായി ജില്ലാസ്പോർട്സ് കൗൺസിലുമായി ചേർന്ന് പ്രാദേശിക സമ്മർകോച്ചിംഗ് ക്യാമ്പ് സംഘടിപ്പിക്കുന്നു. നമ്മുടെ സ്കൂളിലെ കായികാഭിരുചിയുള്ള കുട്ടികളും ഇലകമൺ, ചിറക്കര, പൂതക്കുളം, കല്ലുവാതുക്കൽ എന്നീ പഞ്ചായത്തിൽ നിന്നുള്ള കുട്ടികളും തൊട്ടടുത്ത സ്കൂളിലേയും അടുത്ത പഞ്ചായത്തിലെ വിവിധ സ്കൂളു കളിൽ നിന്നുള്ള കുട്ടികളും യു.കെ.എഫ് എഞ്ചിനീയറിംഗ് കോളേജ്, വർക്കല എസ്.എൻ കോളേജ് എന്നീ കോളേജ് തലങ്ങളിലുള്ള കുട്ടികളും ഈ കോച്ചിംഗ് ക്യാമ്പിൽ പങ്കെടുക്കുന്നുണ്ട്. മധ്യവേനൽ അവധികാലത്ത് രാവിലെ 7.30 മണി മുതൽ 8.30 മണിവരെ ആണ് ഇതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നത്. കോച്ചിംഗ് ക്യാമ്പിൽ പങ്കെടുക്കുന്ന 5 കുട്ടികൾക്ക് (ചെമ്പകശ്ശേരി എച്ച്.എസ്സ്) സ്പോർട്സ് സ്കൂളിലേക്ക് സെലക്ഷൻ കിട്ടി.

പ്രാദേശിക സമ്മർ കോച്ചിംഗ് ക്യാമ്പിൽ പങ്കെടുത്ത ചിറക്കര സ്കൂൾ-1 കുട്ടി, എസ്.എൻ. വി സ്കൂൾ-1 കുട്ടി, ഗവ:യു.പി.എസ്സ് അയിരൂർ 1-കുട്ടി എന്നിവർക്ക് സ്പോർട്സ് സ്കൂൾ അഡ്മിഷൻ കിട്ടി. ക്യാമ്പിൽ പങ്കെടുത്ത വർക്കല എസ്.എൻ.കോളേജിലെ 12 കുട്ടികൾ ഇന്റർ കോളേജ്

ബോക്സിംഗ് ചാമ്പ്യന്മാരായി. യു.കെ.എഫ് എഞ്ചിനീയറിംഗ് കോളേജി ലെ ഒരു കുട്ടിക്ക് ബോക്സിംഗ് ചാമ്പ്യൻഷിപ്പ് I ഉം 1 കുട്ടിക്ക് II ഉം കിട്ടി.

പ്രാദേശിക സമ്മർകോച്ചിംഗ് ക്യാമ്പിന് ആവശ്യമായ ഫണ്ടിന്റെ അപര്യാപ്തത

അപഗ്രഥനം:- മറ്റ് പഞ്ചായത്തിലെ സ്കൂളുകളിലെ കുട്ടികളേയും സമഭാവനയോടെ കണ്ട് കായിക രംഗത്ത് നേട്ടങ്ങൾ കൈവരിക്കാൻ വേണ്ടി ആവിഷ്കരിച്ച ഈ പദ്ധതി അങ്ങേയറ്റം പ്രശംസ പിടിച്ചുപ്പറ്റികൊ ണ്ടിരിക്കുന്നു. കായിക രംഗത്ത് നമ്മുടെ പഞ്ചായത്തിനും, ഇതര പഞ്ചായത്തുകൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്ന ഈ വിദ്യാലയത്തിന് അധികാരികളുടെ ഭാഗത്ത് നിന്നും അർഹിക്കുന്ന പരിഗണന ലഭിക്കുന്നോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. മാതൃകാപരമായ പ്രവർത്തനങ്ങൾ പരമിത സാഹചര്യത്തിൽ നിന്നു കൊണ്ട് നടപ്പാക്കുന്ന ഞങ്ങളുടെ വിദ്യാലയത്തിലെ കായിക രംഗത്തെ മാതൃകാസ്കൂൾ ആക്കി ഉയർത്തണമെന്ന അഭിപ്രായം പല ഭാഗങ്ങളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. ഒരു വർഷക്കാലം മാത്രമാണ് സ്പോർട്സ് കൗൺസിലിൽ നിന്ന് ഫണ്ട് അനുവദിച്ച് കിട്ടിയത്. ഈ കുട്ടികൾക്ക് ലഘുഭക്ഷണങ്ങൾ നൽകുന്നതിനാവശ്യമായ ഫണ്ട് തുടർന്നുള്ള വർഷങ്ങളിലും ബാധ്യതയായി അവശേഷിച്ചു. ഒരു കോച്ചിന്റെ സേവനം കുറഞ്ഞകാലയളവിൽ മാത്രമാണ് ലഭ്യമായത്. ഏകദേശം 50 കുട്ടികളാണ് ആദ്യഘട്ടത്തിൽ ഉണ്ടായിരുന്നത്. ഇപ്പോൾ എണ്ണത്തിൽ വർധനവ് ഉണ്ടായതും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

നിഗമനം:- കുട്ടികൾക്ക് റിഫ്രഷ്മെന്റ് നൽകുന്നതിനാവശ്യമായ ഫണ്ട് ആവശ്യമാണ്. അതുപോലെ സ്പോർട്സ് കിറ്റ്, ജഴ്സി എന്നിവ വാങ്ങു

ന്നതിനാവശ്യമായ ധനസഹായം എന്നിവ അത്യാവശ്യമാണ്. സ്പോർട്സ് കൗൺസിലിന്റെ കോച്ചിന്റെ സേവനം തുടർന്നും ലഭ്യമാക്കണം.

സ്കൂൾതല കായിക പരിശീലന പരിപാടിയ്ക്കും, District, State, National മീറ്റുകളിലും പങ്കെടുക്കുന്നതിന് കുട്ടികൾക്ക് പരിശീലനത്തിനാവശ്യ മായ സാഹചര്യങ്ങളുടെ അപര്യാപ്തത.

അപഗ്രഥനം:- സ്വന്തം ചെലവിൽ മീറ്റുകളിൽ പങ്കെടിക്കുന്ന സാഹചര്യം പലപ്പോഴും കുട്ടികളെ ഇതിൽ പങ്കെടുക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നു. ദേശിയതലത്തിൽ വരെ എത്താനുള്ള ഉയർന്ന പരിശീലനം ലഭ്യമാക്കാനുള്ള സാഹചര്യവും നിലവിലില്ല.

നിഗമനം:- കായിക മേളകളിൽ പങ്കെടുക്കുന്നതിന് ധനസഹായം അനുവദിക്കണം. പ്രഭാത ഭക്ഷണ പരിപാടി ഉൾപ്പെടുത്തി കായിക പരിശീലനത്തിനെത്തുന്ന കുട്ടികൾക്ക് ഭക്ഷണം ലഭ്യമാക്കണം. വിദഗ്ദ പരിശീലനത്തിനായി കോച്ചിന്റെ സേവനം ലഭ്യമാക്കണം.

## ടാലന്റ് ലാബ്

കുട്ടികളുടെ പ്രതിഭകൾ കണ്ടെത്താനും വളർത്താനും സഹായക മായ ടാലന്റ് ലാബുകൾ ഞാങ്ങളുടെ വിദ്യാലയത്തിൽ സജ്ജീകരി ക്കുന്നുണ്ട്. വളരെ താഴ്ന്ന ജീവിത നിലവാരത്തിൽ നിന്നും വരുന്ന കലാവാസനയുള്ള ധാരളം കുട്ടികൾ നമ്മുടെ വിദ്യാലയത്തിലുണ്ട്. അവരിലധികവും കൂലിപ്പണിക്കാരുടെ മക്കളാണ്. ഉയർന്ന ഫീസുകൾ നൽകി വിവിധയിനം കലകൾ അഭ്യസിപ്പിക്കാനുള്ള സാഹചര്യം അവർക്കില്ല. അധ്യാപകരുടേയും പി.ടി.എ യുടേയും സഹായം ഒന്നു കൊണ്ട് മാത്രമാണ് ഉയർന്ന സാമ്പത്തിക ബാധ്യതയുള്ള നൃത്ത ഇനങ്ങ

ളിൽ കുട്ടികളെ പങ്കെടുപ്പിക്കാൻ കഴിയുന്നത്. വാദ്യോപകരണ ങ്ങളുടെ അകമ്പടിയോടുകൂടിയുള്ള പരിപാടികളിൽ വാദ്യോപകരണ ങ്ങളുടെ അഭാവം നിമിത്തം നല്ല രീതിയിൽ പങ്കെടുക്കുന്നതിന് കഴിയാതെ വരുന്നു. ഇക്കഴിഞ്ഞ സബ്ജില്ല, യുവജനോത്സവത്തിലും പരമിതിക്കു ള്ളിൽ നിന്നും കൊണ്ട് നല്ല രീതിയിൽ പങ്കെടുത്ത് സമ്മാനങ്ങൾ കരസ്ഥമാക്കു വാൻ ഞങ്ങൾക്ക് കഴിഞ്ഞു.

പ്രശ്നം: പരിശീലകന്റെ ഉയർന്ന ഫീസും, വാദ്യോപകരണങ്ങൾ ഇല്ലാത്തതും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

നല്ല കലാഭിരുചിയുള്ള ഒരു കൂട്ടം വിദ്യാർത്ഥികൾ നമുക്കുണ്ട്. അൺ എയ്ഡഡ് സ്കൂളിലേക്കും, ഉയർന്ന സാമ്പത്തിക നിലവാരമുള്ള പ്രദേശത്തെ സ്കൂളുകളിലെ കുട്ടികളും നല്ല രീതിയിൽ പരിശീലനം നേടി പരിപാടികളിൽ പങ്കെടുക്കുമ്പോൾ ഞങ്ങൾ നിസ്സഹായരാകുന്ന അവസ്ഥയാണ് സംജാതമാകുന്നത്.

നിഗമനം:- ഒരു പരിശീലകന്റെ സേവനം ഉറപ്പു വരുത്തണം. പഞ്ചായത്തിനകത്തുള്ള കലാകാരന്മാരെ ഉൾപ്പെടുത്തി കലാസന്ധ്യകൾ നടത്തണം. വികസന സമിതിയുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ കലാ കാരന്മാരും, അവരുടെ സേവനവും ലഭ്യമാക്കണം. വാദ്യോപകരണങ്ങൾ വാങ്ങി നൽകുന്നതിനോ സംഭാവനയായി നൽകുകയോ ചെയ്യുന്നതിന് വികസന സമിതി മുൻകൈയ്യെടുക്കണം.

## ഭാവി നിർദ്ദേശങ്ങൾ

കലാ-കായിക രംഗത്ത് മുൻതൂക്കം നൽകികൊണ്ടുള്ള വികസന പ്രവർത്തനങ്ങളാണ് ഞങ്ങൾ ആവിഷ്കരിക്കുന്നത്.

(i) <u>പ്രാദേശിക സമ്മർ കോച്ചിംഗ് ക്യാമ്പ് കൂടുതൽ കുട്ടികളെ ഉൾപ്പെടുത്തി വിപുലപ്പെടുത്തുക</u>

ബോക്സിംഗ്, അത്‌ലറ്റിക് ഇനങ്ങൾ ഉൾപ്പെടുത്തി നമ്മുടെ പഞ്ചായത്തിലേയും, തൊട്ടടുത്ത എല്ലാ പഞ്ചായത്തിലേയും, കായികാഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നടത്തി നമ്മുടെ സ്കൂളിനെ കായിക രംഗത്തെ 'മാതൃകാ സ്കൂളാക്കി' ഉയർത്തണം അതിനായി ഏവരുടേയും സഹായസഹകരണങ്ങൾ പ്രതീക്ഷിച്ച് കൊണ്ട് കർമ്മ പദ്ധതികൾ ആവിഷ്കരിച്ചു കൊണ്ടിരിക്കുന്നു.

(ii) **<u>പ്രാദേശിക കലാകാരന്മാരെയും, കലാഭിരുചിയുള്ള കുട്ടികളേയും ഉൾപ്പെടുത്തി "കലോപാസന" മധ്യവേനൽ അവധിക്കാലത്ത് സംഘടിപ്പിക്കുന്നു.</u>**

ധാരാളം കലാസ്നേഹികളായ നാട്ടുകാരും, അതുപോലെ കലാഭിരുചിയുള്ള കുട്ടികളും നമ്മുടെ പഞ്ചായത്തിന് തന്നെ അഭി മാനമാണ്. കലാസാംസ്കാരിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച നിരവധി പേർ നമ്മുടെ പ്രദേശത്തുണ്ട്. അവരുടെ സേവനം വിദ്യാലയത്തിന് പ്രയോജനപ്പെടുത്തി മധ്യവേനൽ അവധിക്കാലത്ത് 'കലോപാസന' എന്ന പരിപാടി സംഘടിപ്പിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചു കവിയരങ്ങ്, കഥാപ്രസംഗ കളരി, നടകകളരി, നൃത്തസന്ധ്യ എന്നിങ്ങനെ, വിവിധങ്ങളായ പരിപാടിയിൽ ഞങ്ങൾ ആസൂത്രണം ചെയ്ത് വരുന്നുണ്ട്.

# ചെമ്പകശ്ശേരി സ്കൂൾ എച്ച്.എസ്. വിഭാഗം- പദ്ധതി നിർദ്ദേശങ്ങൾ

| ക്രമ നമ്പർ | ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കേണ്ട പദ്ധതികൾ | നടപ്പിലാക്കേണ്ട ഏജൻസികൾ | പ്രതീക്ഷിക്കുന്ന ചെലവ് |
|---|---|---|---|
| 1 | അടുക്കള, ഡൈനിംഗ് ഹാൾ (2 നില കെട്ടിടം) 20 x 20 മുറികൾ 5 എണ്ണം മുകളിൽ | വിദ്യാലയ വികസന സമിതി | 7000000/- |
| 2 | ക്ലാസ്സ് മുറികൾ 30 എണ്ണം (20 x 20) | വിദ്യാലയ വികസന സമിതി | 1 മുറിക്ക് 1200000, 30 x 12 = 36000000/- |
| 3 | ടോയ്ലറ്റ് (അറ്റാച്ച്ഡ്) 5 പെൺകുട്ടികൾ + 5 ആൺകുട്ടികൾ (ആകെ 10 എണ്ണം) | വിദ്യാലയ വികസന സമിതി | ഒരു ടോയ്ലറ്റ് 200000 10 x 200000 = 2000000/- |
| 4 | റാമ്പ് ആൻഡ് റയിൽ | വിദ്യാലയ വികസന സമിതി എസ്.എസ്.എ | 50000/- |
| 5 | കുഴൽക്കിണർ, മഴവെള്ള സംഭരണി | വിദ്യാലയ വികസന സമിതി | 250000+50000 = 300000/- |
| 6 | വാഹനസൗകര്യം | വിദ്യാലയ വികസന സമിതി | 2000000/- |

| | | | |
|---|---|---|---|
| 1 | ജൈവവൈവിധ്യ പാർക്ക് | വിദ്യാലയ വികസന സമിതി | 400000/- |
| 2 | ക്ലാസ്സ് മുറികളെ ബന്ധിപ്പിച്ചുകൊണ്ടുള്ള സ്പീക്കർ സിസ്റ്റം | വിദ്യാലയ വികസന സമിതി | 200000/- |
| 3 | സ്കൂൾ ഡയറി, മാഗസിൻ എന്നിവ അച്ചടിച്ച് നൽകുക | വിദ്യാലയ വികസന സമിതി | 50000/- |
| 4 | പെൺകുട്ടികളുടെ ജീവിത നൈപുണി വളർത്തിയെടുക്കുന്നതിനാവശ്യമായ പദ്ധതികൾ, സഹവാസ ക്യമ്പ്, കരാട്ടെ, കളരി, യോഗ ക്ലാസ്സുകൾ, തയ്യൽ പരിശീലനം | വിദ്യാലയ വികസന സമിതി | 1200000/- |
| 5 | IED കുട്ടികൾക്കായയുള്ള പ്രത്യേക പദ്ധതികൾ, ബസ്, ബോധവൽക്കരണ ക്ലാസ്സ് റിസോഴ്സ് ടീച്ചറുടെ ഫുൾടൈം സേവനം | വിദ്യാലയ വികസന സമിതി | 1016000/- |



J.V G
Head